മി. സ്പീക്കർ: ഓർഡർ, ഓർഡർ.

## II. ചരമോപചാരം

മുൻ നിയമസഭാംഗമായിരുന്ന പി. കെ. നാരായണൻ നമ്പ്യാരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: പ്രമുഖ സോഷ്യലിസ്റ്റ് നേതാവും മുൻ നിയമസഭാംഗവുമായിരുന്ന പി. കെ. നാരായണൻ നമ്പ്യാർ അടുത്തയിടെ നിര്യാതനായി. വിദ്യാഭ്യാസ കാലത്തുതന്നെ നമ്പ്യാർ സ്റ്റുഡൻസ് കോൺഗ്രസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതു 9.30 A.M.] പ്രവർത്തനം ആരംഭിച്ചു. തുടർന്ന് അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസിലും പിന്നീട് ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയിലും അംഗമായി. 1960-ൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി പേരാമ്പ്ര നിയോജക മണ്ഡലത്തിൽനിന്നും അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പി.എസ്.പി. സംസ്ഥാന സെക്രട്ടറിയും ഐക്യമുന്നണി ഏകോപന സമിതി അംഗവുമായിരുന്നു അദ്ദേഹം. ഒരു മികച്ച സഹകാരിയായിരുന്ന നമ്പ്യാർ സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ വൈസ് പ്രസിഡന്റ്, മേപ്പയൂർ സഹകരണ ഹൗസിംഗ് സൊസൈറ്റി സ്ഥാപക പ്രസിഡന്റ്, മേപ്പയൂർ സഹകരണ അർബൻ ബാങ്ക് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സേവനനിരതനായ ഒരു പൊതു പ്രവർത്തകനെയാണ് നമ്പ്യാരുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച ആ മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി ബഹുമാനപ്പെട്ട അംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ചേർന്ന യുവകർഷകർക്ക് തൊഴിൽ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നാരായണൻ: സർ, കാർഷിക മേഖലയിൽ ഒരു ലക്ഷം യുവതീ-യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ചേർന്നവർക്ക് തൊഴിൽ നൽകാത്തതു സംബന്ധിച്ച് ഈ സഭയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. 1993-94 വർഷത്തിൽ ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ ഇരുന്ന അവസരത്തിൽ അന്നത്തെ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പി. പി. ജോർജ്ജ് പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം യുവതീ-യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് 100 രൂപ രജിസ്ട്രേഷൻ ഫീസും ആയിരം രൂപ പദ്ധതി വിഹിതവും ആയി 1100 രൂപ ബന്ധപ്പെട്ട കൃഷിഭവനിൽ അടച്ചിരുന്നു. അക്കൂട്ടത്തിൽ ഓരോ അംഗത്തിനും സർക്കാർ വിഹിതമായി ആയിരം രൂപ നൽകുകയും ചെയ്തു. പദ്ധതിയിൽ ചേർന്ന ഓരോ അംഗത്തിനും ശാരീരികവും മാനസികവുമായ അവശത സംഭവിച്ചാൽ 200 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ പെൻഷനും 60 വയസ്സ് തികഞ്ഞാൽ 6,000 രൂപ മുതൽ 30,000 രൂപ വരെ ഗ്രാറ്റുവിറ്റിയും, 60 വയസ്സിനുശേഷം ആയിരം രൂപ പ്രതിമാസ പെൻഷനും ഈ പദ്ധതിയിൽ ചേർന്നതിനുശേഷം മരണമടഞ്ഞാൽ 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ അവകാശികൾക്ക് ധനസഹായമായും നൽകുന്നതിന് ഗവൺമെന്റ് അന്ന് പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly